# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 584 28.02.2017- ൽ മറുപടിക്ക്

### കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽസ്

| ചോദ്യം<br>ശ്രീ. കെ. കുഞ്ഞിരാമൻ | ഉത്തരം<br>ശ്രീ. എ. സി. മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കാസർഗോഡ് ജില്ലയിലെ ഉദുമ സ്പിന്നിങ്ങ് മിൽസ് ഏത് സർക്കാരിന്റെ കാലത്താണ് സ്ഥാപിച്ചത്; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 2010-11 ബഡ്ജറ്റ് പ്രഖ്യാപനത്തിലൂടെ കേരളാ സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷന്റെ കീഴിൽ വന്ന പ്രോജക്ടാണ് ഉദുമ ടെക്സ്റ്റയിൽ മിൽ. ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം 2011 ജനുവരി 28-ന് ആണ് നിർവ്വഹിക്കപ്പെട്ടത്. |
| (ബി) പ്രസ്തുത സ്പിന്നിങ്ങ് മിൽസ് തുറന്ന് പ്രവർത്തിക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ; വിശദാംശങ്ങൾ അറിയിക്കാമോ; | (ബി) എൽ.ഡി.എഫ് സർക്കാരിന്റെ കാലത്ത് 16 കോടി രൂപയുടെ അടങ്കൽ തുക പ്രതീക്ഷിച്ച് കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിച്ച പദ്ധതിക്ക് കോസ്റ്റ് ഓവർ റൺ ഉണ്ടായതിനാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പുതുക്കിയ അടങ്കൽ തുകക്ക് (21.09 കോടി രൂപ) ഭരണാനുമതിക്ക് 2012 മെയ് മാസം സമർപ്പിക്കുകയും 2015 ജൂൺ മാസം ഭരണാനുമതി ലഭിക്കുകയും ചെയ്തിരുന്നു. കാലതാമസം വന്നതു കൊണ്ട് പുതുക്കിയ അടങ്കൽ തുകക്കുള്ള വിശദമായ പ്രോജക്ട് റിപ്പോർട്ട് വീണ്ടും തയ്യാറാക്കുന്നതിന് നടപടികളെടുത്തു. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) ഈ സർക്കാരിന്റെ കാലത്താണ് 33.94 കോടി രൂപയുടെ പുതുക്കിയ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി, 2016 ആഗസ്റ്റിൽ ഭരണാനുമതിയ്ക്ക് സമർപ്പിച്ചിട്ടുള്ളത്. മിൽ തുറക്കുന്നതുമായി ബന്ധപ്പെട്ട് ബഹു. ധനകാര്യവകുപ്പ് മന്ത്രിയുടെ സാന്നിധ്യത്തിൽ നിയമസഭാ മന്ദിരത്തിൽ വെച്ച് 12.07.2016-ൽ യോഗം ചേരുകയും കൂടാതെ ഉദുമാ സ്പിന്നിംഗ് മില്ലിൽ വെച്ച് 09.10.2016 ന് ഒരു ഉന്നതതലയോഗം കൂടുകയും ചെയ്തിരുന്നു. നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ഡി) സ്ഥാപനം എന്ന് തുറന്ന് പ്രവർത്തിക്കാൻ കഴിയും എന്ന് അറിയിക്കാമോ? | (ഡി) പുതുക്കിയ പ്രോജക്ട് റിപ്പോർട്ടിന് ഭരണാനുമതി ലഭിയ്ക്കുന്ന മുറയ്ക്ക് മില്ലിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്നും ഹൈക്കോടതിയിലെ കേസുകളിന്മേൽ തീരുമാനം ഉണ്ടാകുന്ന മുറയ്ക്ക് ആവശ്യമായ ജീവനക്കാരെ നിയമിക്കുവാൻ സാധിക്കുമെന്നും പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ